## എടപ്പാൾ സി. സുബ്രഹ്മണ്യൻ

കരുളായി കെ.എം. ഹൈസ്കൂൾ, വെളിയങ്കോട് ഗവ. ഹൈസ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകൻ. തൃശൂർ ഡയറ്റ്, പാലക്കാട് ഡയറ്റ്, കാസർകോട് ഡയറ്റ്, മലപ്പുറം ഡയറ്റ് എന്നിവിടങ്ങളിൽ ലക്ചറർ. തൃശ്ശൂർ സർവശിക്ഷാ അഭിയാനിൽ ജില്ലാ പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോജക്ട് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. മലപ്പുറം ഡയറ്റിൽ സീനിയർ ലക്ചററായി വിരമിച്ചു. കേരള പാഠാവലിയിൽ കവിതകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കൃതികൾ:** ഉണ്ണിമോഹങ്ങൾ, കുസൃതിച്ചെപ്പ്, മാനത്തെ പൂക്കൾ, രക്ഷിതാക്കൾക്ക് 51 മന്ത്രങ്ങൾ, അരം ഹരം അക്ഷരം, കുഞ്ഞാമൃതം, ഉള്ളു കഴുകാൻ ഉള്ള വാക്കുകൾ, പുതിയ കഥാപ്രസംഗങ്ങൾ

**പുരസ്കാരങ്ങൾ:** നാസ്കോ കവിതാ പുരസ്കാരം 1992, എ.കെ.ജി.എം. കവിതാ അവാർഡ് 1997, നവകം കവിതാ അവാർഡ് 2002, കെ.ജി.ഒ.എ. കവിതാപുരസ്കാരം 2012, നാളികേര വികസന ബോർഡ് & അക്ഷയ പുസ്തകനിധി പുരസ്കാരം 2012, പുരോഗമന കലാസാഹിത്യ സംഘം കവിതാ അവാർഡ് 2013

ഭാര്യ: സുധ. മക്കൾ: നീതു, മിഥുൻ

വിലാസം: ചുങ്കത്ത് വീട്, പി.ഒ. പെരുമ്പറമ്പ്, എടപ്പാൾ(വഴി), മലപ്പുറം
ഫോൺ: 0494-2684183, 94464 72231

# ഉപയോഗമുള്ള
# കവിതകൾ

എടപ്പാൾ സി. സുബ്രഹ്മണ്യൻ

എച്ച് & സി ബുക്സ്

Malayalam Language
**UPAYOGAMULLA KAVITHAKAL**
Children's Literature/ Poems

**Edappal C. Subramanian**

First Published : November 2019

Cover: Abhilash, Art N Colour
Illustration : M.R. Vijayan
Typesetting: SL Thrissur

Printed in India
at Ebenezer Printpack, Thrissur

Publishers
**H&C PUBLISHING HOUSE**
Thrissur 680001
Website: www.handcbooks.com
E-mail: handcbooks@gmail.com

Distributors
**H&C STORES**
Thiruvananthapuram, Kollam, Pathanamthitta, Kottayam,
Thiruvalla, Pala, Thodupuzha, Thrippunithura, Ernakulam,
Thrissur, Kunnamkulam, Palakkad, Kozhikode,
Kannur, Kanhangad, Bengaluru

No part of this publication may be reproduced, or transmitted in any form or by any means without prior written permission of the publisher

ISBN 978-93-88952-88-0
**₹ 60.00**
19086-500-01-1119

## ആമുഖം

മനുഷ്യന്റെ ഏറ്റവും വലിയ കണ്ടുപിടുത്തമാണ് ഭാഷ. ഭാഷയുടെ ഏറ്റവും ഉയർന്ന രൂപമാണ് കവിത. കവിതയ്ക്ക് സൗന്ദര്യം മാത്ര മല്ല, ഉപയോഗവുമുണ്ട്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സാരവ ത്തായും സമർഥമായും കവിത ഉപയോഗിക്കപ്പെടുന്നുണ്ട്. പിറന്നു വീണ കുഞ്ഞിന് താരാട്ടുപാട്ടായും മരിച്ചുപോകുന്ന മനുഷ്യന് അന്ത്യോപചാരമായും കവിതയുടെ തീർഥജലം നൽകിപ്പോരുന്നു.

കവിത ഊർജദായിനിയാണ്. പണ്ട് യുദ്ധത്തിനുപോകുന്ന സൈന്യ ത്തിനൊപ്പം ഗായക സംഘവും സഞ്ചരിച്ചിരുന്നു. മഴ പെയ്യിക്കാനും വിളവു വർധിപ്പിക്കാനും കവിതയ്ക്കു കഴിയുമത്രെ. ഇന്ന് മാരകമായ രോഗങ്ങളുടെ ചികിത്സയ്ക്കുപോലും കവിത കൺകണ്ട ഔഷധ മാണ്. ബുദ്ധിമണ്ഡലത്തിലെ അഴുക്കും മെഴുക്കും കളയാൻ കവിതയ്ക്കു കഴിയുമെന്ന് പുതിയ പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ കവിതാപഠനം ഭാഷയിലെ മാത്രമല്ല, മറ്റു വിഷയ ങ്ങളിലെയും പഠനമികവിനു കാരണമാകുന്നു എന്നാണ് കണ്ടെത്തൽ.

ജീവിതവിജയത്തിന്റെ ഈ ശക്തിസ്രോതസ്സിനെ നമുക്കു പര മാവധി ഉപയോഗപ്പെടുത്താം.

**എടപ്പാൾ സി. സുബ്രഹ്മണ്യൻ**

# ഉള്ളടക്കം


**ഭാഗം 1 പ്രാർഥന** **9**

1. ഉള്ളുണരാൻ 11
2. വെളിച്ചം 12
3. അർഥന 13

**ഭാഗം 2 പ്രവേശനോത്സവം** **15**

1. പുതുവർഷം 17
2. കുടചൂടി 18
3. ഒത്തുചേരാം 19

**ഭാഗം 3 നഴ്സറിക്കവിതകൾ** **21**

1. ആട് 23
2. മഴക്കുട്ടൻ 24
3. മാനത്തെ മിഠായി 25
4. ആഴ്ചകൾ 26

**ഭാഗം 4 ദിനാചരണ കവിതകൾ** **27**

1. ചെടി പഠിപ്പിക്കുന്നു 29
   (ജൂൺ 5 – പരിസ്ഥിതി ദിനം)
2. വായന 30
   (ജൂൺ 19 – വായനാദിനം)
3. അമ്പിളിമാമൻ 32
   (ജൂലായ് 21 – ചാന്ദ്രദിനം)
4. നില(കിട്ടാ)വിളി 33
   (ആഗസ്റ്റ് 6 – ഹിരോഷിമാദിനം)
5. ഐക്യഗീതം 34
   (ആഗസ്റ്റ് 15 – സ്വാതന്ത്ര്യദിനം)
6. ഗുരു 35
   (സെപ്റ്റംബർ 5 – അധ്യാപകദിനം)
7. പകരമില്ലാത്തവൻ 36
   (ഒക്ടോബർ 2 – ഗാന്ധിജയന്തി)

8. കേരളശില്പികൾ 37
(നവംബർ 1 – കേരളപ്പിറവിദിനം)
9. ചാച്ചാജി 38
(നവംബർ 14 – ശിശുദിനം)
10. നവവത്സരാശംസകൾ 39
(ജനുവരി 1 – പുതുവർഷം)
11. ഓർമക്കുറുപ്പ് 40
(ഫെബ്രുവരി 13 – ഒ.എൻ.വി. ചരമദിനം)
12. മലയാളം മലയോളം 41
(ഫെബ്രുവരി 21 – മാതൃഭാഷാദിനം)
13. ശാസ്ത്രം 42
(ഫെബ്രുവരി 28 – ദേശീയ ശാസ്ത്രദിനം)

**ഭാഗം 5 യുവജനോത്സവ കവിതകൾ 43**
1. വിദ്യാലയം വിളിക്കുന്നു 45
2. ആരാകണം? 47
3. അമ്മക്കുട 49
4. സമരം 50
5. പാവം ടീച്ചർ 51
6. കാണാതെപോയ മക്കൾ 53
7. ഒന്നാം ക്ലാസ്സിൽ ഒന്നാം ദിനം 55
8. പാവം ഉണ്ണി 57

**ദിനാചരണങ്ങൾ 61**

# ഭാഗം 1

## പ്രാർഥന

ഏതു നല്ല കാര്യത്തിന്റേയും ആരംഭം പ്രാർഥനയിലാണ്. സ്കൂൾ അസംബ്ലി, പൊതു പരിപാടി തുടങ്ങിയവയിൽ എന്നും അർഥവത്തായ പ്രാർഥനകൾ നിർബന്ധമാണ്. ദൈവപ്രാർഥനയ്ക്കൊപ്പം അക്ഷരത്തിനേയും അറിവിനേയും ദൈവമായി സങ്കല്പിക്കുന്ന പ്രാർഥനകളും നല്ലതാണ്. മൂന്നു പ്രാർഥനാഗീതങ്ങൾ ഈ ഭാഗത്ത് ചേർത്തിരിക്കുന്നു.


അ
അമ്മ

# ഉള്ളുണരാൻ

അക്ഷരം രക്ഷയായ് കൂട്ടിനുണ്ടാകണേ
അക്ഷയസൂര്യനങ്ങുള്ളിലുദിക്കണേ
കർമം കരത്തിൻ കരുത്തായിത്തീരണേ
ധർമമെന്നുള്ളിൽ വെളിച്ചമായ് നിൽക്കണേ
ഉള്ളിലെ കള്ളങ്ങളെല്ലാമകറ്റണേ
തുള്ളുന്ന ചിന്തയ്ക്കു ചന്തമേകീടണേ
ഉള്ളു നോവുന്നവർ ഉള്ളിലുണ്ടാകണേ
ഉള്ളതു പങ്കിടാൻ ഉള്ളൊരുക്കീടണേ
നോക്കിലൊരിത്തിരി തേൻ കിനിയേണമേ
വാക്കുകൾക്കൊക്കെ സുഗന്ധമുണ്ടാകണേ
കരളിലെല്ലായ്പോഴും സ്നേഹമുണ്ടാകണേ
കരകവിയുന്ന കരുണയുണ്ടാകണേ
നേരിന്റെ തേരിൽ കയറുവാനാകണേ
നേരെയെൻ ലക്ഷ്യത്തിലെത്തുവാനാകണേ.



# വെളിച്ചം

കുഞ്ഞുങ്ങൾ ഞങ്ങളെ കാത്തുകൊള്ളേണമേ
കുഞ്ഞുമനസ്സിൽ വെളിച്ചം പരത്തണേ
സത്യം പറയുവാൻ നിത്യം തുണയ്ക്കണേ
സങ്കടമെല്ലാം പരിഹരിച്ചീടണേ
നല്ല വാക്കോതുവാൻ ശക്തി നൽകേണമേ
നന്മകൾ ചെയ്യുവാൻ പാത കാണിക്കണേ
പൂവിനെ, പുഴകളെ, കിളികളെ സ്നേഹിച്ചു
പുലരുവാൻ പുലരികൾ ഞങ്ങൾക്കു നൽകണേ.



# അർഥന

വിശ്വൈകനാഥാ നിൻ തിരുമുമ്പിൽ
വിശ്വാസപൂർവം പ്രാർഥിപ്പൂ
വിസ്മൃതി മൂലം തെറ്റുചെയ്താലും
മാപ്പു ഞങ്ങൾക്കു നൽകണേ
അജ്ഞർ ഞങ്ങൾക്കറിവിൻ ദീപമായ്
നിത്യവും വിളങ്ങീടണേ
അർഥനകൾ സ്വീകരിച്ചെന്നും
ആശിസ്സുവർഷിച്ചീടണേ
സത്യം പാലിച്ചു ജീവിച്ചുപോരാൻ
സ്നേഹസിന്ധോ തുണയ്ക്കണേ
ഞങ്ങളെ പരിരക്ഷിച്ചുപോരാൻ
ഞങ്ങൾക്കാശ്രയം നീ മാത്രം.